(ബി) ഇത് ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരത്തെ ബാധിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) ഇംഗ്ലീഷ് ഭാഷയിൽ ബിരുദവും ബി.എഡും ഉള്ളവർ തന്നെ ഇംഗ്ലീഷ് പഠിപ്പിക്കണമെന്ന 2002-ലെ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) അഞ്ച് ഡിവിഷനിൽ താഴെയുള്ള ഹൈസ്കൂളുകളിലും ഇംഗ്ലീഷ് ഭാഷയിൽ തന്നെ ബിരുദവും ബി. എഡും ഉള്ളവരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മറ്റ് കോർ സബ്ജക്ട് അദ്ധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 7-1-2002-ലെ ജി.ഒ. (എം.എസ്) 11/02/പൊ.വി ഉത്തരവ് പ്രകാരമാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് പ്രത്യേകം തസ്തിക സൃഷ്ടിച്ചത്. പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് എച്ച്.എസ്.എ. കോർ വിഷയത്തിൽപ്പെട്ട അദ്ധ്യാപകരാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത്. ഈ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് സർവ്വീസിൽ കയറിയ അദ്ധ്യാപകർക്ക് പരിരക്ഷ നൽകണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിഷയാനുപാതം അനുസരിച്ച് 5 ഡിവിഷനിൽ താഴെയുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ നിയമം ഇല്ല. ഇത്തരം സ്കൂളുകളിൽ മുൻ വർഷങ്ങളിലെപ്പോലെ എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ അദ്ധ്യാപകരാണ് ഇംഗ്ലീഷ് പഠിപ്പിക്കേണ്ടത്.

(ഇ) ഡിവിഷൻ ഫാൾമൂലം കോർ സബ്ജക്ട് അദ്ധ്യാപകർ സർവ്വീസിൽ നിന്ന് പുറത്താക്കപ്പെടുന്ന സാഹചര്യത്തിൽ ഘട്ടംഘട്ടമായി മാത്രമെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ കഴിയുകയുള്ളു.

സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർക്ക് തുടർ പരിശീലനം

6 (3751) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷ അദ്ധ്യാപകർക്ക് തുടർ പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ സഹായത്തോടെ സംസ്ഥാനത്ത് തന്നെ ഇത്തരം പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ പുതുതായി എവിടെയൊക്കെ ഇത്തരം കേന്ദ്രങ്ങൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനത്തിനായി ബ്രിട്ടീഷ് കൗൺസിലിന്റെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ;

(ഇ) ബ്രിട്ടീഷ് കൗൺസിലിന്റെ സഹകരണത്തോടെ എവിടെയൊക്കെ പരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു ; ഇത്തരത്തിൽ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർക്ക് ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനവുമായി സഹകരിച്ച് പരിശീലനം നൽകി വരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ഇംഗ്ലീഷ് പഠന കേന്ദ്രങ്ങളിലും അദ്ധ്യാപകർക്ക് ഇംഗ്ലീഷിൽ തുടർ പരിശീലനം നൽകി വരുന്നു. ക്ലസ്റ്റർ തല പരിശീലന പരിപാടികൾ, തൽസ്ഥല സഹായ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

(ഡി) ബ്രിട്ടീഷ് കൗൺസിലിന്റെ അക്കാദമിക് പിന്തുണയോടെ കൊല്ലം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് കഴിഞ്ഞ വർഷം പരിശീലനം നൽകുകയുണ്ടായി.

(ഇ) ബ്രിട്ടീഷ് കൗൺസിലിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് സ്കൂളുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ

7 (3753) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly